സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 85-89

പാലൈ
PALAI பாலை
ISSN No: 3049-0316

# സ്ഥലരാഷ്ട്രീയ പരിപ്രേക്ഷ്യം വാസ്തുഹാരയിൽ



**ഡോ. രജനി വി.എൻ.***

**സംഗ്രഹം**

രൂപപരമായയും പ്രമേയപരമായും വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കലയാണ് സിനിമ. സാംസ്കാരിക അനുഭവങ്ങളിൽ പ്രധാന സ്ഥാനത്ത് നിൽക്കുന്ന ഒന്നാണ് മലയാളസിനിമ. വിനോദോപാധിയെന്ന നിലയിലും കലയെന്ന നിലയിലും ഒരുപോലെ പ്രാധാന്യമുള്ള, വിപണി സാധ്യതയുള്ള ഒന്നായി സിനിമ ഇന്ന് മാറുന്നു. മലയാള സിനിമയെ ദേശീയതലത്തിലേക്ക് ഉയർത്തിയ പ്രശസ്തനായ സമാന്തര സിനിമ സംവിധായകനായിരുന്നു ജി. അരവിന്ദൻ. ജി. അരവിന്ദൻ രചനയും സംവിധാനവും നിർവഹിച്ച വളരെ പ്രസക്തമായ സിനിമയാണ് 'വാസ്തുഹാര'. അഭയാർഥികളാക്കപ്പെടുന്ന മനുഷ്യരുടെ ആത്മസംഘർഷങ്ങളെ സംവേദനം ചെയ്യുന്ന സിനിമയാണിത്. വിഭജനം വരുത്തി തീർക്കുന്ന ജീവിതത്തിന്റെ തിക്താനുഭവങ്ങളെയും സ്വന്തം മണ്ണിൽ നിന്ന് വേരറ്റുപോകുന്നവരുടെ മഹാസങ്കടങ്ങളും സംഘർഷങ്ങളും ഒരു ബംഗാളിസ്ത്രീയുടെ ആത്മനൊമ്പരത്തിലൂടെ അരവിന്ദൻ ആവിഷ്കരിക്കുന്നു.

**താക്കോൽ വാക്കുകൾ:** സ്ഥലം - കാലം - ദേശീയം - പ്രാദേശികം

സി.വി. ശ്രീരാമന്റെ ചെറുകഥയെ അടിസ്ഥാനമാക്കിയുള്ള സിനിമയാണിത്. ചെറുകഥാ സാഹിത്യത്തിൽ വളരെ സവിശേഷതയുള്ള കഥാകൃത്തായിരുന്നു സി.വി. ശ്രീരാമൻ. ആധുനികതയും ആധുനികോത്തരതയും ശക്തമായി നില്ക്കുമ്പോഴും കാല്പനികതയുടെയും റിയലിസത്തിന്റെയും ശൈലിയിൽ രചന നിർവ്വഹിച്ച വ്യക്തിയാണ് ശ്രീരാമൻ. മനുഷ്യജീവിതത്തിന്റെ നിസ്സഹായതയും മഹാസങ്കടങ്ങളും തീവ്രതയോടെ അനുഭവിപ്പിക്കുവാൻ ശ്രീരാമന്റെ കഥകൾക്കു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓരോ കഥകളും സ്ഥലകാലങ്ങളാൽ സമൃദ്ധമാണ്. ഈ സ്ഥലങ്ങൾ കഥകളുടെ പശ്ചാത്തലമായിട്ടല്ല വരുന്നത് അതിനെക്കാൾ "മനോഹരമായ ജീവൻ തുടിക്കുന്ന ശരീരഭാഗങ്ങൾ" തന്നെയായാണ്. കഥയിലെ ഈയൊരു ദൃശ്യശ്രാവ്യ സാധ്യതയുടെ തലത്തെയാണ് വാസ്തുഹാരയെന്ന സിനിമയിൽ അരവിന്ദൻ ദൃശ്യവത്കരിക്കുന്നത്. വാസ്തുഹാരയെന്ന സിനിമയിൽ സ്ഥലത്തിന്റെ വിവിധ മാനങ്ങളെയാണ് പഠനവിധേയമാക്കുന്നത്. സ്ഥലപഠനത്തിന്റെയും സിനിമാ സാങ്കേതികതയുടെയും രീതിശാസ്ത്രം

* അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ: കോളേജ്, കട്ടപ്പന

 ISSN No: 3049-0316


പഠനത്തിൽ ഉപയോഗിക്കുന്നു. സ്ഥലം ഭൗതിക വസ്തുവെന്ന നിലയിൽ നിന്ന് സാമൂഹികവും രാഷ്ട്രീയവും മാനസികവുമായ തലത്തിലേക്ക് പരിണമിക്കുന്നതിന്റെ ചിത്രമാണ് ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നത്.

## സ്ഥലം വ്യത്യസ്ത വീക്ഷണത്തിൽ

സ്ഥലം എന്നത് ഒരു പ്രകൃതി യാഥാർത്ഥ്യമാണ് “സ്ഥലം എന്ന പദത്തിന് ജലശൂന്യമായ ഭൂഭാഗം, ഉറച്ച നിലം, പ്രദേശം, കൂടാരം എന്നിങ്ങനെ നിരവധി അർത്ഥങ്ങൾ കൽപിക്കപ്പെട്ടിട്ടുണ്ട്.” (1) സ്ഥലങ്ങൾക്ക് നാമം സ്വയം രൂപപ്പെടുന്നതല്ല മറിച്ച് കൽപ്പിക്കപ്പെടുന്നതാണ് ഈ കൽപ്പിക്കപ്പെടുന്ന പ്രക്രിയക്ക് പല മാനങ്ങളുണ്ട്. ചരിത്രാംശങ്ങൾ, ഐതിഹ്യങ്ങൾ, കെട്ടുകഥകൾ, ഭൂപ്രകൃതി, ജനജീവിതസംസ്കാരം തുടങ്ങിയ ഘടകങ്ങൾ സ്ഥലനാമങ്ങളുടെ രൂപികരണത്തിൽ ഒരുപോലെ പങ്കുവഹിക്കുന്നു. ഒരു ദേശത്തിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഭാഷ, വേഷം, ജാതി, മതം, സാഹിത്യം തുടങ്ങി ഒട്ടേറെ ഘടകങ്ങൾ ഉള്ളതുപോലെ സ്ഥല നാമങ്ങൾക്കും നിർണ്ണായകമായ സ്ഥാനമാണുള്ളത്. ഒരു സമൂഹം അവരുടെ സ്വത്വത്തെ വിളിച്ചറിയിക്കുന്നത് ആ പ്രദേശത്തിന്റെ പേരിലും കൂടിയാണ്. സ്വന്തം നിലനില്പ്പിനുവേണ്ടിയും ജൈവികമായും സാമൂ ഹികമായും വ്യവഹാരാധിഷ്ഠിതമായും സ്ഥലത്തെ നിർമ്മിക്കുകയാണ് മനുഷ്യൻ ചെയ്യുന്നത്.

ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ഹെന്റി ലെഫെവ്റെ (Hentri Lefever) 20-90 നൂറ്റാണ്ടിൽ സ്ഥലത്തെക്കുറിച്ചുള്ള സൈദ്ധാന്തികവും ചരിത്രപരവുമായ പുതിയ സങ്കല്പങ്ങൾ അവതരിപ്പിക്കുന്നുണ്ട്. സ്ഥലം, ചരിത്രം (കാലം) സമൂഹം എന്നിവ ചേർന്ന ഒരു സത്താത്രയത്തെ മുന്നോട്ടു വച്ചു. സ്ഥലത്തിന്റെ ഉല്പാദനത്തിൽ (Production of Space) അനുഭവിക സ്ഥലം (Experienced Space), ഇന്ദ്രിയഗോചരമായ സ്ഥലം (Percieved Space) , ഭാവനാ സ്ഥലം (Imagined Space) എന്നിങ്ങനെയുള്ള സ്ഥലസങ്കല്പങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. ഒരു പശ്ചാത്തലം സംസ്കാരവല്ക്കരിക്കപ്പെടുകയും അങ്ങനെ അത് സ്ഥലമായി മാറുകയും ചെയ്യുന്ന സന്ദർഭത്തിലാണ് ഇത്തരം സങ്കല്പനങ്ങൾ രൂപപ്പെടുന്നത് എന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. (2) ആധുനിക ലോകത്തിൽ സ്ഥലത്തെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട ഒന്നായി കാണുക സാധ്യമല്ല. അധികാരത്തോടും രാഷ്ട്രീയ സമ്പദ്ഘടനകളോട് ബന്ധപ്പെട്ടതും സവിശേഷ പ്രത്യയശാസ്ത്രങ്ങളുടെ ഫലവുമാണ് സ്ഥലം എന്ന് വിവിധ വൈജ്ഞാനിക ശാഖകൾ വെളിപ്പെടുത്തുന്നു.

നോവലും കഥകളും ഏതൊരു സാഹിത്യരൂപത്തെക്കാളും സ്ഥലബന്ധമാണ്. കഥകളിൽ വെറുമൊരു പശ്ചാത്തലമോ അന്തരീക്ഷമോ എന്നതിനപ്പുറം കഥയുടെ അവിഭാജ്യഘടകമെന്ന നിലയിൽ സ്ഥലം മാറുന്നു. നോവല് /കഥ/ സിനിമ എല്ലാ കാലത്തും സ്ഥലവും കാലവും തമ്മിലുള്ള ബന്ധങ്ങളുടെയും വിനിമയങ്ങളുടെയും ആവിഷ്കരണമാണ്. കാലത്തിലൂടെയുള്ള ഓരോ ദേശജീവിതത്തിന്റെ ഗതിവിഗതികൾ അടയാളപ്പെടുത്തുന്ന സിനിമയിൽ സ്ഥലവും കാലവും പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നു.

അരവിന്ദന്റെ ‘വാസ്തുഹാര’യിൽ സ്ഥലകാല സമൂഹസങ്കല്പത്തിന്റെ രാഷ്ട്രീയം ശക്തമാണ്. ബംഗാൾ, കൊല്ക്കത്ത, കേരളം, ആന്റമാൻ ദ്വീപുസമൂഹങ്ങൾ, ഇങ്ങനെ വ്യത്യസ്തമായ സ്ഥലങ്ങൾ കഥയുടെ പശ്ചാത്തലങ്ങളായി വർത്തിക്കുന്നു. അതോടൊപ്പം തൊഴിൽ ക്രേന്ദങ്ങൾ, കപ്പലുകൾ, നഗരങ്ങൾ മുതലായവും സ്ഥലസൂചകങ്ങളായി കടന്നുവരുന്നു. നമ്മുടെ ദേശീയതയുടെ ഭാഗമായി വർത്തിക്കുന്ന വൈവിധ്യം നിറഞ്ഞ ഭൂപ്രകൃതിയുടെയും, ഉപസംസ്കാരങ്ങളുടെയും, മനുഷ്യജീവിതങ്ങളുടെയും നഖചിത്രങ്ങളാകുന്ന അവ കേവലം ഭാവനാ ഭൂപടങ്ങളല്ല കഥയിലെ അനുഭവ മണ്ഡലങ്ങളാണ്. ‘മലയാള ചെറുകഥയുടെ സ്ഥലരാശിയെ കേരളത്തിനു പുറത്തേയ്ക്ക് കൊണ്ടുപോയതിൽ ഗണ്യമായ പങ്കുവഹിച്ച പട്ടാള കഥാകാരന്മാർക്കും ശ്രീരാമനോളമെത്താൻ കഴിഞ്ഞില്ല. മനുഷ്യപ്രകൃതിയെ പോലെ തന്നെ വ്യക്തിത്വമുള്ള ഒന്നായി സ്ഥലത്തെ മാറ്റിയെടുക്കുകയും അത് കഥയുടെ ജൈവഘടനയുടെ ഭാഗമായി മാറ്റുകയുമാണ് ശ്രീരാമൻ ചെയ്തത്’. (3) കഥയിൽ ആവിഷ്കൃതമായിരിക്കുന്ന സ്ഥലരാശിയെ ഏറ്റവും പ്രാധാന്യത്തോടെ സിനിമയിൽ ചിത്രീകരിക്കാൻ ജി. അരവിന്ദനു സാധിച്ചു.

വാസ്തുഹാരയിൽ അടയാളപ്പെടുത്തുന്ന സ്ഥലകാലങ്ങൾ 1947 ലെ ഇന്ത്യൻ സ്വാതന്ത്ര്യസമരവും അതേ തുടർന്നുള്ള ഇന്ത്യാവിഭജനകാലവുമാണ് 1971 ൽ ഇന്ത്യാ പാക്കിസ്ഥാൻ യുദ്ധവും ഇതിനോടനുബന്ധിച്ച്

ഇന്ത്യയുടെ ചരിത്രത്തിൽ അരങ്ങേറിയ അഭയാർത്ഥിപ്രവാഹങ്ങളുടെ അവസ്ഥകളുമാണ് അവതരിപ്പിക്കുന്നത്.

കഥാകാലം 1953 നം 1971 നം ഇടയിലെ ബംഗാളിലെ അഭയാർത്ഥികളുടെ ജീവിതാവസ്ഥകളെ മുൻനിർത്തിയുമാണ് അവതരിപ്പിക്കുന്നത്. കഥയുടെ മൂലവേരുകൾ നടക്കുന്നതാകട്ടെ കേരളീയ സ്ഥലപശ്ചാത്തലത്തിലുമാണ്. 1947 ൽ ഇന്ത്യയുടെ വിഭജനത്തിൽ ധാരാളം ജനങ്ങൾ അഭയാർത്ഥികളായിതീർന്നു. അഭയാർത്ഥികളായ കുറച്ചുപേർ കിഴക്കൻ ബംഗാളിലേക്കും മറ്റു ചിലർ പടിഞ്ഞാറൻ ബംഗാളിലേക്കും നാടുകടത്തപ്പെട്ടു. റാണാഘട്ട് അഭയാർത്ഥി ക്യാമ്പിൽ വിഭജനം വരുത്തിത്തീർത്ത വിഷമതകൾ മനസ്സിലും ശരീരത്തിലും ഏറ്റുവാങ്ങി അവർ അവിടെ തങ്ങി.

ചരിത്ര സംഗതമായ 'റാണാ ഘട്ടിന്റെ' സ്ഥലാവഷ്കാരത്തിലൂടെയാണ് സിനിമയുടെ ആരംഭം. അഭയാർത്ഥിപ്രവാഹത്തിന്റെ ഫലമായി എത്തപ്പെടുന്ന കല്ക്കട്ടയിലെ "റാണാഘട്ട് ക്യാമ്പ്" ഈ സൂചകത്തെ വിശേഷിപ്പിക്കുന്നത് "തീരാഭാരങ്ങളുടെ താവളം" എന്നാണ് അഭയാർത്ഥികളുടെ കണ്ണുനീര് വീണ് കുതിർന്ന മണ്ണ് അവരുടെ നെടുവീർപ്പുകൾ തങ്ങി നില്ക്കുന്ന അന്തരീക്ഷം, വിഭജനകാലത്തെ കലാപകലകൾ മനസ്സിലും ശരീരത്തിലും ഏറ്റുവാങ്ങി പ്രാണൻമാത്രം ബാക്കിയായ അഭയാർത്ഥികളുടെ താവളം അതായിരുന്നു "റാണാഘട്ട്' ചരിത്രസംഗതമായ അഭയാർത്ഥി ക്യാമ്പ് റാണാഘട്ടിന്റെ സ്ഥലാവിഷ്കാരത്തിലൂടെ ഈ വിധം ചരിത്രത്തിന്റെ ഏടുകളിലേക്ക് റാണാഘട്ട് ഇടം നേടുകയായിരുന്നു. അഭയാർത്ഥിത്വം വരുത്തിത്തീർക്കുന്ന തീവ്രമായ ദയനീയമായ അനുഭവത്തെ ശക്തമായ ഭാഷയിൽ ഇത് വ്യക്തമാക്കുന്നു.

അഭയാർത്ഥികളുടെ തിരിച്ചുവരവ് കണ്ടപ്പോൾ അധികാര വർഗ്ഗത്തിന്റെ "ദേശീയ യുക്തി" ചിന്താർഹമാണ്. "ഇവര് വിദേശികളാണ് ഇവരെ അതിർത്തികൾക്കപ്പുറത്തേയ്ക്ക് തിരിച്ചയക്കുക' അഭയാർത്ഥിത്വം അനുഭവിക്കുന്ന ഏതൊരു കാലഘട്ടത്തിലുമുള്ള ജനതകളോട് സംരക്ഷിക്കപ്പെടേണ്ട അധികാരവർഗ്ഗത്തിന്റെ തമ സ്കരണത്തിന്റെ രാഷ്ട്രീയുക്തികളാണ് ഇവിടെ ദർശിക്കാൻ കഴിയുന്നത്. ഇവര് വെറും അഭയാർത്ഥികളല്ല, ഭരണകൂട അധികാര വർഗ്ഗത്തിന്റെ സമോജിതമായ ഇടപെടലുകൾ വേണ്ട രീതിയിൽ നടത്താത്തതിന്റെ പേരിൽ "വസ്തു അപഹരിക്കപ്പെട്ട വാസ്തുഹാരകൾ" തന്നെയാണ് ഇത്തരത്തിലുള്ള അഭയാർത്ഥിത്വം നമ്മുടെ ദേശീയതയ്ക്കുള്ളിലും പുറത്തും വിവിധ രീതിയിൽ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സ്ഥലകാലത്തിൽനിന്ന് കൊണ്ട് പഠിക്കേണ്ടതിന്റെ പ്രസക്തിയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

ലെഫെവ്റെ മുന്നോട്ടുവച്ചിട്ടുള്ള സ്ഥലസങ്കല്പത്തോട് ചേർന്നുപോകുന്നതാണ് വാസ്തുഹാരയിലെ സ്ഥലരാഷ്ട്രീയത്തിന്റെ സൂക്ഷ്മമായ അടയാളപ്പെടുത്തലുകൾ 'തകർന്ന സ്വപ്നങ്ങളുടെ ശവകുടീരമാണ് കല്ക്കത്ത" എന്ന പരാമർശം കല്ക്കത്ത എന്ന സ്ഥലം നാഗരികസ്ഥലത്തിന്റെ അവസ്ഥകളെയും വിപ്ലവബോധം വരുത്തിത്തീർക്കുന്ന ജീവിതാവസ്ഥകളെയും അവതരിപ്പിക്കുന്നു. "നശിച്ച കൊല്ക്കത്തയിൽ നിന്ന് രക്ഷപെടണം"(4) (ആരതിയുടെ വാക്കുകൾ). "ഒരു ലിബറേറ്റ് ഇന്ത്യയിലല്ലാതെ ഞാൻ ജോലി ചെയ്യുകയില്ല (ദമയന്തിയുടെ വാക്കുകൾ)" (5). കല്ക്കത്തയിൽ 'വെടിവപ്പുകൾ ഇല്ലാത്ത ദിവസങ്ങളില്ല'. ഇത്തരം പരാമർശങ്ങളിൽ നിന്ന് കല്ക്കത്തയിലെ സാമൂഹിക രാഷ്ട്രീയ സ്ഥലങ്ങളിലേക്ക് കടന്നു ചെല്ലുവാൻ കഴിയുന്നു. 1951 നം 1973 നം ഇടയ്ക്ക് കൊല്ക്കത്തയിൽ നടമാടിയ രാഷ്ട്രീയ സാമൂഹിക ഇടപെടലുകളും അതുവഴി ഓരോരുത്തർക്കും അനുഭവിക്കേണ്ടി വന്ന ദുരന്തത്തിന്റെ അവസ്ഥകളെയും പരാമർശിക്കുന്നു.

മനുഷ്യസ്നേഹത്തിനും ബന്ധങ്ങൾക്കും ഒന്നിനും വിലകല്പ്പിക്കാത്ത "നാഗരിക സ്ഥലമാണ് കൊല്ക്കത്ത'യെന്നും ഇവിടെനിന്ന് മോചനം നേടാൻ അവർക്കാകുന്നില്ലായെന്നും ഇവരുടെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നു. "ഒരു ലിബറേറ്റഡ് ഇന്ത്യയിലല്ലാതെ ജോലിചെയ്യില്ല എന്ന പരാമർശം"(6) ഒന്നിനോടും രാജിയാകാൻ കഴിയാത്ത ദമയന്തിയുടെ മാനസിക സ്ഥലത്തെയാണ് അടയാളപ്പെടുത്തുന്നത്. രണ്ടു രാഷ്ട്രങ്ങളുടെ, ദേശീയതകളുടെ, രാഷ്ട്രീയ കലാപത്തിൽ സംഭവിച്ച രാഷ്ട്രീയ ഇടപെടലുകളുടെ ഫലമായി അഭയാർത്ഥികളായി തീർന്നവരാണ് ആരതിയും കുടുംബവും. കല്ക്കട്ടയിലെ അഭയാർത്ഥി ക്യാമ്പിൽ വച്ച് കോളറ പിടിപെട്ട് മരിച്ച കുഞ്ഞുണ്ണി പണിക്കരായ അച്ഛനിൽ നിന്ന് മകൾക്കു ലഭിക്കുന്നത്

 ISSN No: 3049-0316 

വിപ്ലവ ബോധം മാത്രമാണ്. അവരുടെ വിപ്ലവബോധം അഭയാർത്ഥിത്വത്തെ തീവ്രമാക്കുന്നതിന് മാത്രമെ ഉപകരിക്കുന്നുള്ളു.

ആ വിപ്ലവബോധമാണ് ദമയന്തിയെ ആലപ്പൂർ സെൻട്രൽ ജയിലലേക്കും അനുജനെ വിപ്ലവത്തിന്റെ ഒളിസങ്കേതത്തിന്റെ ഇടങ്ങളിലേക്കും നയിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് 1970 കളിൽ ശക്തമായിരുന്ന ഇടതുപക്ഷ തീവ്രവാദരാഷ്ട്രീയത്തിന്റെ സ്വാർത്ഥതയ്ക്കു മുമ്പിൽ സ്വത്വം നഷ്ടപ്പെടുത്തുന്ന ഭാവി തലമുറയുടെ ചിത്രമാണ്.

കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിന്റെ സൂചനകൾ ആരതിയുടെ മകളായ ദമയന്തിയുടെ വാക്കുകളിലൂടെ അവതരിപ്പിക്കുന്നു. "കേരളാ പീപ്പിൾ കൊല്ക്കത്തയിൽ വരുന്നു. നാലുദിവസം വിപ്ലവ പ്രസ്ഥനങ്ങളുടെ കൂടെ നടക്കുന്നു. പിന്നെ ജോലി കിട്ടും പിന്നെ ഒന്നുമില്ല. തീർന്നു വിപ്ലവം കേരിയറിസ്റ്റുകൾ." (കേരളീയ സ്ഥലത്തിലുള്ളവരുടെ വിപ്ലവബോധം ജീവിതത്തോടാണ്. പ്രസ്ഥാനത്തോടുമല്ലെന്നും ഇതിൽ നിന്നും മനസ്സിലാക്കാം.)

വാസ്തുഹാരയിൽ പ്രത്യക്ഷപ്പെടുന്ന ഭൂമികകൾ ഇന്ത്യയിൽ ആധുനികത സവിശേഷമായി പ്രവർത്തിച്ച രണ്ട് ഇടങ്ങളാണ് ബംഗാളും കേരളവും. ഈ രണ്ട് ഇടങ്ങളിലെ ആധുനിക ബോധത്തിന്റെ അന്തർസംഘർഷങ്ങളെ വെളിപ്പെടുത്തുന്ന ഒന്നാണ് ഇതിലൂടെ അവതരിപ്പിക്കുന്നത് എന്ന് പി.എൻ. ഗോപീകൃഷ്ണന് വിലയിരുത്തുന്നുണ്ട്. (7)

കേരളീയ സാമൂഹികസ്ഥലത്തിന്റെ ഏറ്റവും ശക്തമായ ചിത്രീകരണമാണ് വേണുവിന്റെ വീടും ഭവാനിയുടെ തറവാടും അവിടുത്തെ ജീവിതരീതികളും. കേരളീയ നായർ തറവാടുകളുടെ സാമൂഹിക പശ്ചാത്തലവും ഘടനയും ഈ അവതരണത്തിലൂടെ സാധ്യമാകുന്നു. പഴയകാല യാഥാസ്ഥിതികത്വത്തിന്റെ ഭീകരതകൾ, പഴയകാല ജീർണ്ണപാരമ്പര്യത്തിന്റെ വക്താക്കളായി അവർ തുടരുന്നതിന്റെ സൂചനകൾ ഇതിലൂടെ നായർ തറവാടുകളിലെ ഇടങ്ങളിൽ നിലനില്ക്കുന്ന ദായക്രമത്തിന്റെയും വിവാഹ സമ്പ്രദായത്തിന്റെയും സ്വത്തവകാശ വ്യവസ്ഥകളുടെയും ഏകദേശ ധാരണ ലഭിക്കുന്നു. ഫ്യൂഡൽ കാലഘട്ടത്തിലെ കേരളീയ ജീവിതത്തിന്റെ യഥാതഥമായ ആവിഷ്കാരമാണ് കാണാൻ കഴിയുന്നത്. ഇതിലൂടെ ആ കാലഘട്ടത്തിലെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക ക്രമങ്ങളെ മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഉതകുന്നു.

### ഭാഷാപരമായ സ്ഥലസൂചകങ്ങൾ

സിനിമയിൽ വ്യത്യസ്ഥമായ ഭാഷാപ്രയോഗങ്ങൾ അവതരിപ്പിക്കുന്നുണ്ട്. സ്ഥലം കഥയിലെ ക്രിയാംശമാകുന്നത് പല ഭാഷകളായാണ്. മലയാളവും ബംഗാളിയും ഹിന്ദിയും ഇംഗ്ലീഷും, തമിഴും, തെലുങ്കും, ഒറ്റയ്ക്കും കൂട്ടമായും പ്രത്യക്ഷപ്പെടുന്നു. ഒരാൾ തന്നെ പല ഭാഷകൾ സംസാരിക്കുന്നതായി പറയുന്നു. മലയാളം തിരിച്ചറിയുന്നവളും ഇംഗ്ലീഷ് അറിയുന്നവളും ബംഗാളിയുമായ ആരതി പണിക്കർ, പഞ്ചാബ്, ഗുജറാത്ത്, സ്കൂളിൽ ഹിന്ദി പഠിപ്പിച്ചിരുന്നതായും ചിത്രീകരിക്കുന്നു. ഇവിടെ ഓരോ ഭാഷയും ഓരോ സ്ഥലമെന്നു പറയാവുന്നതാണ് ഇന്ത്യൻ അവസ്ഥയിൽ ഓരോ ഭാഷയ്ക്കും പ്രവിശ്യാ സൂചന സഹജമാണ്. ഒരു സ്ഥലം പശ്ചാത്തലത്തിൽനിന്നു ക്രിയാഭാഗത്തേയ്ക്ക് വരുന്നു. മലയാള പത്രം കേരള സ്ഥലത്തിന്റെ ഒരു തുണ്ടാവുന്നതിന്റെ വേള സിനിമയിൽ ചിത്രീകരിക്കുന്നുണ്ട്.

സിനിമയുടെ അവസാന ഭാഗങ്ങളിൽ ഹൃദയഹാരിയായതും വിഷാദാത്മകവുമായ ഒട്ടധികം നിമിഷങ്ങൾ പകർന്നു തരുന്നുണ്ട്. അഭയാർത്ഥികളേയും കൊണ്ട് കപ്പൽ കല്ക്കത്ത തുറമുഖം വിട്ടുവാൻ പോകുന്ന രംഗം ഇതിൽ ശ്രദ്ധേയമാണ്. കല്ക്കത്തയെന്ന സ്ഥലത്തുനിന്ന് കിഴക്കൻദ്വീപസമൂഹങ്ങളിലേക്ക് അഭയാർത്ഥികൾ യാത്രയാകുന്ന ഈയൊരു ദൃശ്യാവതരണത്തിലൂടെ അഭയാർത്തിത്വത്തിന്റെ എല്ലാ ദുഃഖങ്ങളും യാതനകളും അവർ ഗംഗയിൽ ഒഴുക്കി പ്രതീക്ഷാനിർഭരമായ പുതിയൊരു ഇടത്തെ/സ്ഥലത്തെ നിർമ്മിച്ചെടുക്കുകയാണ് ."വാസ്തുഹാരേൻ മറ്റൊരുയുഗം ആരംഭിക്കുന്നു" (8) എന്ന് പറയുന്നതിലൂടെ.

ഇന്ത്യാവിഭജനം ദേശവിചാരത്തെ ശിഥിലമാക്കിയ ദുരന്തമായിരുന്നു. വിഭജനത്തിന്റെ മുറിവുകൾ സാമൂഹിക കർതൃത്വത്തിനുള്ളിൽ പരിഹരിക്കാനാവാത്ത വിള്ളലുകൾ ഉണ്ടാക്കി. പിറന്ന മണ്ണിൽനിന്ന്

വേരറ്റു പോകുന്നവരുടെ ഉന്മാദവും വിഭ്രമാത്മകതയും ഇന്നും സംസാരത്തെയാകെ അസ്വസ്ഥമാക്കുന്നു. ഇന്ത്യ സ്വതന്ത്രമായതിനുശേഷവും തുടർന്നുള്ള ഓരോ കാലഘട്ടങ്ങളിലും അഭയാർത്ഥിത്വം പിന്തുടരുന്നുവെന്നത് ഈ സിനിമയുടെ സ്ഥലകാല പ്രസക്തിയിലേക്ക് വിരൽ ചൂണ്ടുന്നു.

## ഉപസംഹാരം

സിനിമകളിലായാലും കഥകളിലായാലും നോവലുകളിലായാലും സ്ഥലകാലസമൂഹത്തിന്റെ ആഖ്യാനം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എന്ന് ഈ കൃതിയിലെ സ്ഥലരാഷ്ട്രീയത്തിന്റെ വിശകലനം വ്യക്തമാക്കുന്നു. സ്ഥലങ്ങളുടെ വിവിധ രീതിയിലുള്ള സങ്കല്പനങ്ങൾകൊണ്ട് സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക മൂല്യങ്ങളെ കണ്ടെടുക്കാൻ കഴിയുന്നു. അഭയാർത്ഥിയായ ആരതി പണിക്കരുടെ ജീവിത ദുരന്തത്തിന്റെ അടയാളപ്പെടുത്തലിലൂടെ ഏതു കാലത്തും സൃഷ്ടിക്കപ്പെടുന്ന, സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അഭയാർത്ഥികളുടെയും, മണ്ണിനും വീടിനും വേണ്ടി പൊരുതുന്ന സമകാല സാമൂഹിക ജീവിവർഗ്ഗത്തിന്റെയും ഓർമ്മപ്പെടുത്തൽ കൂടിയായി മാറുന്നു. കാലാകാലങ്ങളിൽ ചൂഷക അധികാര രാഷ്ട്രീയത്തിന്റെ ഇടപെടലുകൾ നടക്കുന്നിടത്തോളം കാലം ഇത് തുടരുകതന്നെ ചെയ്യും. കഴിഞ്ഞ കാലത്തിന്റെ ദാരുണവും ഭീകരവുമായ അവസ്ഥകളെ യഥാർത്ഥ ലോകത്തിലെന്നപോലെ അനുഭവവേദ്യമാക്കുകയും ചില സൂചകങ്ങളിലൂടെ ദേശീയവും പ്രാദേശികവുമായ സന്ദർഭങ്ങളിൽ ഊന്നാനുള്ള ശ്രമവും കാണുന്നു. ഈ രീതിയിൽ ഇ.പി. രാജഗോപാലന്റെ വാക്കുകളിൽ പറയുകയാണെങ്കിൽ ചരിത്രത്തിൽ നിന്ന് സ്ഥലത്തെയും സ്ഥലത്തിൽ നിന്ന് ചരിത്രത്തെയും വായിക്കുകയാണ് വാസ്തുഹാര. (9) ഇതിലെ സ്ഥലങ്ങൾ വെറും കല്പനകളല്ല അവ ജീവസ്സുറ്റ സ്ഥലകാലങ്ങളുടെ സാംസ്കാരിക പാഠങ്ങൾ തന്നെയാണ് അടയാളപ്പെടുത്തുന്നത്.

## കുറിപ്പുകൾ

1. പദ്മനാഭപിള്ള ശ്രീകണ്ഠേശ്വരം, ശബ്താരാവലി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2009, പുറം, 1738.
2. Hentri Lefevur, Production of space, Black well. Oxford, Tras - D Nicolson Smith, 1991, page 33-46.
3. രവികുമാർ കെ.എസ്., കഥയും ഭാവുകത്വ പരിണാമവും, ജീവിത സത്യത്തിന്റെ തുടിപ്പ്, പുറം, 105.
4. അരവിന്ദൻ ജി. വാസ്തുഹാര തിരക്കഥ, ഭാഷാപോഷിണി, ഒക്ടോബർ 2009 സീന് 18.
5. അരവിന്ദൻ ജി. വാസ്തുഹാര തിരക്കഥ, ഭാഷാപോഷിണി, ഒക്ടോബർ 2009 സീന് 20.
6. സി.വി. ശ്രീരാമൻ, എന്റെ പ്രിയപ്പെട്ട കഥകൾ, പുറം, 123.
7. ടി പുസ്തകം, പുറം. 23.
8. പി. സലിംരാജ്, ചിദംബരങ്ങൾ, പുറം, 95.
9. ഗോപിനാഥൻ കെ, സിനിമയും സംസ്കാരവും, പുറം, 35-36.

## സഹായഗ്രന്ഥങ്ങൾ


1. പണിക്കർ കെ.എം. സംസ്കാരവും ദേശീയതയും, കറന്റ് ബുക്ക് തൃശ്ശൂർ, 2005.
2. രാജശേഖരൻ പി.കെ, അന്ധനായ ദൈവം, ഡി.സി. ബുക്ക് കോട്ടയം, 2008.
3. ഷാജി ജേക്കബ്, കറന്റ് ബുക്ക്, 2003.
4. സലിംരാജ് പി. ചിദംബരങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.
5. ശ്രീരാമന് സി.വി. വാസ്തുഹാര, ഡി.സി. ബുക്ക്, കോട്ടയം, 2008.
6. ഗോപിനാഥൻ കെ. സിനിമയും സംസ്കാരവും, കറന്റ് ബുക്ക്, തൃശ്ശൂർ, 2005.
7. അരവിന്ദൻ ജി - വാസ്തുഹാര (തിരക്കഥ) ഭാഷാപോഷിണി, ഒക്ടോബർ 2009.